സർവ്വകലാശാലകൾക്ക് നാക്-ന്റെ അംഗീകാരം

16 (*106) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ (നാക്) അംഗീകാരം ലഭിക്കുന്നതിനുവേണ്ട യോഗ്യതകൾ നേടിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അക്രെഡിറ്റേഷൻ ലഭിക്കാതിരിക്കുന്നതുകൊണ്ട് സർവ്വകലാശാലയ്ക്ക് എന്തൊക്കെ നഷ്ടങ്ങൾ സംഭവിക്കുമെന്ന് വിശദമാക്കുമോ ;

(സി) എല്ലാ സർവ്വകലാശാലകളെയും നാക് അംഗീകാരം ലഭിക്കാൻ അർഹതയുള്ള നിലവാരത്തിലേയ്ക്കുയർത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഉണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് നാക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

മറ്റ് സർവ്വകലാശാലകൾക്ക് റീ-അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) യു.ജി.സി. ധനസഹായം, റൂസ പദ്ധതി/മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം എന്നിവ നഷ്ടമാവാകുവാൻ സാദ്ധ്യതയുണ്ട്.

(സി) സർവ്വകലാശാലാ തലത്തിൽ സത്വര നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ നടപടികൾ

17(*107) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; കേന്ദ്രം ഇതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നിയമപ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ ;

(സി) ഇതിൻ പ്രകാരം നിലവിലുള്ള റേഷൻ ഉപഭോക്താക്കളിൽ എത്ര പേർ ഒഴിവാക്കപ്പെടും എന്ന് വെളിപ്പെടുത്താമോ ;

(ഡി) കേരളം പോലുള്ള സംസ്ഥാനത്തിന് ഈ നിയമത്തിന്റെ നിബന്ധനകളിൽ ഇളവ് നൽകി നിലവിലുള്ള റേഷൻ ഉപഭോക്താക്കളെയെല്ലാം പുതുക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ നിലവിലെ എ.എ.വൈ., ബി.പി.എൽ. കാർഡുടമകൾ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവരെ ഉൾപ്പെടുത്തി താത്ക്കാലിക പട്ടിക തയ്യാറാക്കുന്നതിന് 17-9-2014-ലെ സ.ഉ.(കൈ)നമ്പർ 39/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് 2015 ഏപ്രിൽ മാസംവരെ കേന്ദ്ര സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്.

(ബി) 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ ഭ.സി.സ.വ. ഉത്തരവ് പ്രകാരം നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനും മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഫോറം റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്ത് വിവര ശേഖരണം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി&ഡി) ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുമ്പോൾ നിലവിലെ ഒരു ഗുണഭോക്താവും ഒഴിവാക്കപ്പെടുകയില്ല. കേന്ദ്ര സർക്കാർ പ്രതിവർഷം നൽകുന്ന 14.25 മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന 1.54 കോടി ജനങ്ങൾക്കായി ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ നൽകുന്നതിന് 10.09 മെട്രിക് ടൺ ഭക്ഷ്യ ധാന്യം മതിയാകുന്നത് ബാക്കി വരുന്ന 4.16 മെട്രിക് ടൺ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി നൽകുവാൻ കഴിയുന്നതാണ്. സാർവ്വത്രിക റേഷനിംഗ് സമ്പ്രദായത്തിൽനിന്നും ഒരു ഗുണഭോക്താവും ഒഴിവാകുന്നില്ല. കേരളത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യം 16.25 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly